പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 644 — 2.11.2016 -ൽ മറുപടിയ്ക്ക്

# ദേശീയ ടൂറിസം പുരസ്കാരം

| ചോദ്യം<br>ശ്രീ.അനിൽ അക്കര<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ.കെ.മുരളീധരൻ : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തിന് ദേശീയ ടൂറിസം പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | ഉണ്ട്. ഇത്തവണ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിനോദസഞ്ചാര വിപണന മേഖലയിലെ നാല് അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് ലഭിക്കുകയുണ്ടായി. അവ താഴെ പറയുന്നവയാണ്.<br>1. Excellence in publishing<br>a. English -Kerala and Spice Route Coffee Table Book<br>b. Foreign Language-The Great Backwater Brochure-German<br>2. Most Innovative use of Information Technology-Social Media/Mobile App-Kerala Tourism Digital Marketing<br>3. Responsible Tourism Project-Wayanad<br>4. Rural Tourism Project-Sargaalaya Craft Village |
| ബി) | ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കിയതിനാണ് പ്രസ്തുത അംഗീകാരം ലഭിച്ചത്; | ബി) യും സി) യും | കേരള ടൂറിസത്തിന്റെ വിപണനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കോഫി ടേബിൾ ബുക്കുകൾക്കാണ് Excellence in Publishing അവാർഡ് ലഭിച്ചത്. ടൂറിസം പ്രചരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. സോഷ്യൽ മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിവിധങ്ങളായ പ്രചരണ പരിപാടികളും |
| സി) | പ്രസ്തുത അംഗീകാരങ്ങൾ നേടുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് | | |

| | | | |
|---|---|---|---|
| | സ്വീകരിച്ചത് ; വിശദാംശം വെളിപ്പെടുത്തുമോ ? | | വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഡിജിറ്റൽ മാർക്കറ്റിംഗിന്റെ ഭാഗമായി ഇത്തരത്തിൽ നടപ്പാക്കിയ പ്രചരണ പരിപാടിക്ക് ലഭിച്ച അംഗീകാരമായാണ് -Most Innovative use of Information Technology-Social Media/Mobile App-Kerala Tourism Digital Marketing- അവാർഡ് കേരള ടൂറിസത്തിന് ലഭിച്ചത്.<br>ഉത്തരവാദിത്ത ടൂറിസം രംഗത്ത് കേരളത്തിന് പ്രഥമ സ്ഥാനമാണുള്ളത്. കുമരകത്ത് ആദ്യമായി തുടങ്ങിയ ഈ പദ്ധതി സംസ്ഥാനം മുഴുവനും പ്രവൃത്തി പഥത്തിൽ കൊണ്ടു വരുവാനുള്ള ശ്രമങ്ങൾ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രമാണ് വയനാട് ഉത്തരവാദിത്ത ടൂറിസത്തിന് ഈയിനത്തിൽ കിട്ടിയ അവാർഡ്. സംസ്ഥാനത്തെ തനത് കലകളേയും കരകൗശല മേഖലയേയും സംരക്ഷിക്കുവാനുള്ള വിവിധങ്ങളായ പദ്ധതികൾ ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് സർഗ്ഗാലയ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ് ടൂറിസം വകുപ്പ് പ്രാവർത്തികമാക്കിയത്. ഈ പദ്ധതിയുടെ പ്രവർത്തന മികവിന്റെ സാക്ഷ്യപത്രമാണ് സർഗ്ഗാലയ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിന് ലഭിച്ച അവാർഡ്. |

സെക്ഷൻ ഓഫീസർ